**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2951** **10.05.2017-ൽ മറുപടിക്ക്**

# ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കാമോ ? | (എ) അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 13/2009 പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനതിർത്തികളിലും ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും, തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉൾപ്പെട്ട ബയോഡാറ്റയും വിരലടയാളവും അതാത് സ്റ്റേഷനുകളിൽ ശേഖരിച്ച് Migrant Labour Register-ൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. പുതുതായി വരുന്ന തൊഴിലാളികളുടെ ഇത്തരത്തിലുള്ള വിവരങ്ങൾ എത്രയും പെട്ടെന്ന് സ്റ്റേഷനിൽ സമർപ്പിക്കുന്നതിനായി തൊഴിൽ ഏജന്റുമാർക്കും തൊഴിലുടമകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ 'ഇ-രേഖ' എന്ന മൊബൈൽ ആപ്ലിക്കേഷൻ സിസ്റ്റം ഉപയോഗിച്ച് വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) നാദാപുരം, എടച്ചേരി, വളയം കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചുവരുന്നുണ്ട്; അവരുടെ താമസകേന്ദ്രം സ്റ്റേഷൻ തിരിച്ച് വിശദമാക്കാമോ ? | (ബി) നാദാപുരം, എടച്ചേരി, വളയം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിച്ചുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണവും അവരുടെ താമസകേന്ദ്രം സംബന്ധിച്ചുള്ള വിവരങ്ങളും സ്റ്റേഷൻ തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (സി) പ്രസ്തുത സ്റ്റേഷനുകളിൽ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) എടച്ചേരി സ്റ്റേഷനിൽ 4 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. നാദാപുരം, വളയം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇതുവരെ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പോലീസ് സ്റ്റേഷൻ | സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം | ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ |
|---|---|---|
| നാദാപുരം | 136 | Nadhapuram, Thooneri, Kallayi, Payanthongu |
| എടച്ചേരി | 48 | Edacheri, Orkkaseri, Muyipra, Kunnummelkara |
| വളയം | 359 | Valayam, Parakkadavu, Jaathiyeri, Vaanimel |
| കുറ്റ്യാടി | 156 | Kuttiyadi, Thaleekara, Theekkuni, Kadekkathal |

സെക്ഷൻ ഓഫീസർ